**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.291 — 12.01.2021 ൽ മറുപടിക്ക്

മലപ്പുറം ഗവ.താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും

| | ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള: | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം സർക്കാർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, നഗരസഭ ഓഫീസ് എന്നിവയുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും ബി/1556/2016, തീയതി 02/07/2016 നമ്പർ പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും, നമ്പർ എ 3/2418/2018, തീയതി 22/09/2018 നമ്പർ പ്രകാരം പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർക്കും, നമ്പർ എ 3/2418/2018, തീയതി 19/03/2019 പ്രകാരം മലപ്പുറം നഗരസഭാ സെക്രട്ടറിക്കും കത്തുകൾ സമർപ്പിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രവും കാരുണ്യ ഫാർമസിയും എത്രയും വേഗം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ